# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 30.05.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ നാളെ കേരളത്തിൽ എത്തും. കോട്ടയത്തും കണ്ണൂരും വിവിധ പരിപാടികളിൽ പങ്കെടുക്കും.

   **Vice President C. P. Radhakrishnan will arrive in Kerala tomorrow. He will participate in various programmes in Kottayam and Kannur.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തിന്റെ 134 -ാം പതിപ്പ് നാളെ രാവിലെ 11 മണിക്ക്.

   **The 134th edition of Prime Minister Narendra Modi's monthly radio programme, Mann Ki Baat will be broadcasted tomorrow at 11 a.m.**

3. അഞ്ച് ദിവസത്തെ സന്ദർശനത്തിനായി മ്യാൻമർ പ്രസിഡൻറ് യു മിൻ ഓങ് ഹ്ലയിംഗ് ബിഹാറിലെത്തി.

   **Myanmar President has arrived in Bihar on a five-day visit.**

4. ഹജ്ജ് ഏകോപന മികവിനുള്ള സൗദി ഹജ്ജ് - ഉംറ മന്ത്രാലയത്തിൻറെ രണ്ട് അവാർഡുകൾ നേടി ഇന്ത്യൻ ഹജ്ജ് മിഷൻ.

   **The Indian Haj Mission has won two awards from the Saudi Ministry of Hajj and Umrah for excellence in Hajj coordination.**

5. കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരും. 10 ജില്ലകളിൽ മഞ്ഞ ജാഗ്രത.

   **Heavy rain accompanied by thunder and lightning is expected to continue in Keralam. Yellow alert has been issued in 10 districts.**

6. ഇന്ത്യ-ഇംഗ്ലണ്ട് വനിതാ ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. ഐ.പി.എൽ ക്രിക്കറ്റിൽ നാളെ ഫൈനൽ പോരാട്ടം.

**The second match of the India–England Women's T20 cricket series will be played today. The IPL cricket final will be held tomorrow.**

**&&&&&&&&&&&&&&&&&&&&&**

## VP - VISIT

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻറെ ഗോവ സന്ദർശനം തുടരുന്നു. പനാജിയിൽ ഗോവ സംസ്ഥാന രൂപീകരണ ദിനാഘോഷത്തിൽ അദ്ദേഹം പങ്കെടുത്തു.
ആഘോഷങ്ങളുടെ ഭാഗമായി പ്രശസ്ത കാർട്ടൂണിസ്റ്റ് മാരിയോ മിറാൻഡയുടെ സ്മരണാർത്ഥം തപാൽ സ്റ്റാമ്പ് ഉപരാഷ്ട്രപതി പുറത്തിറക്കി. വിവിധ ക്ഷേമപദ്ധതികളുടെ ഉദ്ഘാടനവും ചടങ്ങിൽ നിർവ്വഹിച്ചു. തുടർന്ന്, ഗോവയിലെ സി.എസ്.ഐ.ആർ - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി സന്ദർശിക്കുന്ന ഉപരാഷ്ട്രപതി ശാസ്ത്രജ്ഞരുമായി സംവദിക്കും.

**&&&&&&&&&&&&&&&&&&&&&**

## VP - KERALA

ഗോവ സന്ദർശനം പൂർത്തിയാക്കി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ നാളെ കേരളത്തിൽ എത്തും.
വൈകുന്നേരത്തോടെ എത്തുന്ന അദ്ദേഹം കോട്ടയത്ത് ദീപിക ദിനപത്രത്തിൻറെ 140-ാമത് വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിക്കും.
നഗരത്തിൽ നാളെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.
തുടർന്ന്, രാജ്യസഭാംഗം സി.സദാനന്ദൻ മാസ്റ്റർ സംഘടിപ്പിക്കുന്ന സ്വകാര്യ ചടങ്ങിൽ പങ്കെടുക്കുന്നതിന് ഉപരാഷ്ട്രപതി കണ്ണൂരും സന്ദർശിക്കും.

**&&&&&&&&&&&&&&&&&&&&&**

**MYANMAR PREZ-VISIT**

അഞ്ച് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി മ്യാൻമർ പ്രസിഡൻറ് യു മിൻ ഓങ് ഹ്ലയിംഗ് ബിഹാറിലെ ഗയയിലെത്തി. ചരിത്ര പ്രസിദ്ധമായ സുജാത ക്ഷേത്രത്തിലും മഹാബോധി ക്ഷേത്രത്തിലും അദ്ദേഹം ദർശനം നടത്തി. ഗയയിലെ ബുദ്ധ മന്ദിരങ്ങളും അദ്ദേഹം സന്ദർശിക്കും. വൈകുന്നേരം ന്യൂഡൽഹിയിൽ എത്തുന്ന മ്യാൻമർ പ്രസിഡൻറ് , വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറുമായി കൂടിക്കാഴ്ച നടത്തും. മ്യാൻമർ-ഇന്ത്യ ബിസിനസ് ഫോറത്തിൽ അദ്ദേഹം നാളെ, പങ്കെടുക്കും. തിങ്കളാഴ്ചയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി മ്യാന്മാർ പ്രസിഡൻറിൻറെ കൂടിക്കാഴ്ച.

**&&&&&&&&&&&&&&&&&&&&&&&**

**NFHS-MATERNAL HEALTH (INTRO)**

മാതൃ-ശിശു ആരോഗ്യം, പോഷകാഹാരം, സാമ്പത്തിക സുരക്ഷ എന്നിവയിൽ രാജ്യം കൈവരിച്ച പുരോഗതി പ്രതിഫലിപ്പിക്കുന്ന ദേശീയ കുടുംബാരോഗ്യ സർവേ ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം പുറത്തിറക്കി. 2023-24 കാലയളവിൽ 715 ജില്ലകളിലായി 6.79 ലക്ഷം കുടുംബങ്ങളെ ഉൾപ്പെടുത്തി നടത്തിയ സർവേ റിപ്പോർട്ട് ആണ് പുറത്തിറക്കിയത്.

**വിശദാംശങ്ങളിലേക്ക്.......**

**( വോയിസ്.....)**

**&&&&&&&&&&&&&&&&&&&&&&&**

**NFHS-MATERNAL HEALTH (VOICE)**

രാജ്യത്തെ ആരോഗ്യ കേന്ദ്രങ്ങളിൽ നടക്കുന്ന പ്രസവങ്ങൾ 2019-2021 കാലയളവിൽ 88.6 ശതമാനമായിരുന്നതിൽ നിന്ന് 2023-24 ൽ 90.6 ശതമാനത്തിലേക്ക് ഉയർന്നതായി റിപ്പോർട്ടിൽ പറയുന്നു. ഗർഭിണികളിൽ 95.9 ശതമാനം പേർക്കും പ്രസവപൂർവ പരിചരണം ലഭിച്ചു. 12 മുതൽ 23 മാസം വരെ പ്രായമുള്ള കുട്ടികളിലെ വാക്സിനേഷൻ നിരക്ക് 96 ശതമാനത്തിലധികമായി ഉയർന്നതായും റിപ്പോർട്ട്

വ്യക്തമാക്കുന്നു. മിഷൻ പരിവാർ വികാസ് ഉൾപ്പെടെയുള്ള ദേശീയ കുടുംബാസൂത്രണ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പാണ് നേട്ടങ്ങൾക്ക് കാരണമെന്ന് ആരോഗ്യ മന്ത്രാലയം അറിയിച്ചു. ഡിജിറ്റൽ മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തത്തിലും സാമ്പത്തിക ശാക്തീകരണത്തിലും തുടർച്ചയായ പുരോഗതി കൈവരിച്ചതായും സർവേ രേഖപ്പെടുത്തുന്നു. ഇന്റർനെറ്റ് ഉപയോഗിക്കുന്ന സ്ത്രീകളുടെ എണ്ണം 33.3 ശതമാനത്തിൽ നിന്ന് 64.3 ശതമാനമായി. സുസ്ഥിര വികസന ലക്ഷ്യങ്ങളിലേക്കുള്ള ഇന്ത്യയുടെ യാത്രയിലെ സ്ഥിരമായ പുരോഗതി അടയാളപ്പെടുത്തുന്നതാണ് റിപ്പോർട്ടെന്ന് മന്ത്രാലയം അറിയിച്ചു.

**ന്യൂസ്ഡെസ്ക് ആകാശവാണി.......**

**&&&&&&&&&&&&&&&&&&&&&**

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത് നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 134-ാാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലകളിലൂടെയും മൻ കി ബാത്ത് തത്സമയം കേൾക്കാം. തുടർന്ന് പ്രാദേശിക ഭാഷകളിലെ പരിഭാഷയുമുണ്ടാകും.

**&&&&&&&&&&&&&&&&&&&&&**

## KIREN- HAJ AWARD

സൗദി ഹജ്ജ്, ഉംറ മന്ത്രാലയത്തിൻറെ രണ്ട് ലബ്ബായത്ത് അവാർഡുകൾ ഇന്ത്യൻ ഹജ്ജ് മിഷന് ലഭിച്ചതായി കേന്ദ്രമന്ത്രി കിരൺ റിജിജു. ആദ്യമായാണ് രാജ്യത്തിന് ഈ അംഗീകാരം ലഭിക്കുന്നത്. ഹജ്ജ് ഏകോപനത്തിലും ആശയവിനിമയത്തിനുമുള്ള മികവിനാണ് അംഗീകാരം.

**&&&&&&&&&&&&&&&&&&&&&**

## GOVT-FUEL RESERVES

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ എൽപിജി സംഭരണശേഷി വർദ്ധിപ്പിക്കാൻ പൊതുമേഖലാ എണ്ണക്കമ്പനികൾക്ക് കേന്ദ്രസർക്കാർ നിർദ്ദേശം. കുറഞ്ഞത് 30 ദിവസത്തേക്കുള്ള എൽപിജി കരുതൽ ശേഖരം ഉറപ്പാക്കണമെന്ന് നിർദ്ദേശം നൽകിയതായി പെട്രോളിയം മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ അറിയിച്ചു. ക്രൂഡ് ഓയിൽ സംഭരണശേഷി വർദ്ധിപ്പിക്കാനും സർക്കാർ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അവർ വ്യക്തമാക്കി.

**&&&&&&&&&&&&&&&&&&&&&**

## ODISHA - SIR

ഒഡീഷയിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണം ഇന്ന് മുതൽ ആരംഭിക്കും. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻറെ നേതൃത്വത്തിൽ ഒരു മാസം നീളുന്ന നടപടിക്രമങ്ങൾ, ജൂൺ 28 വരെ തുടരും. സംസ്ഥാനത്തുടനീളമുള്ള മൂന്ന് കോടി 33 ലക്ഷത്തിലധികം വോട്ടർമാരെയാണ് ഇതിൽ ഉൾപ്പെടുത്തുന്നത്.

**&&&&&&&&&&&&&&&&&&&&&**

## KARNATAKA CLP MEETING

പുതിയ നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കാൻ കർണാടകയിൽ കാവൽ മുഖ്യമന്ത്രി സിദ്ധരാമയ്യ കോൺഗ്രസ് എം എൽ എമാരുടെ പ്രത്യേക യോഗം വിളിച്ചു. കെ.പി.സി.സി അധ്യക്ഷൻ ഡി.കെ. ശിവകുമാർ മുഖ്യമന്ത്രി സ്ഥാനത്തേക്ക് വരുമെന്നാണ് സൂചനകൾ. ഇന്ന് വൈകുന്നേരം 4 മണിക്കാണ് യോഗം. 136 കോൺഗ്രസ് എംഎൽഎമാർക്കും യോഗത്തിൽ പങ്കെടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഗവർണർ തവർചന്ദ് ഗെലോട്ട് ശ്രീ സിദ്ധരാമയ്യയുടെ രാജി സ്വീകരിച്ചു.

**&&&&&&&&&&&&&&&&&&&&&**

## CLEANING DRIVE-KERALA

കേരളത്തിൽ സമ്പൂർണ ശുചിത്വം ലക്ഷ്യമിട്ട് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ജനകീയ മഹാശുചീകരണ യജ്ഞം 'തുടക്കം' ആരംഭിച്ചു. തിരുവനന്തപുരത്ത് ആരോഗ്യ മന്ത്രി കെ. മുരളീധരൻ ഉദ്ഘാടനം ചെയ്തു. ആശുപത്രി പരിസരങ്ങളിൽ വെള്ളക്കെട്ട് ഒഴിവാക്കുക, കൊതുകുജന്യ രോഗങ്ങൾ നിയന്ത്രിക്കുക, മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുക, രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നിവയാണ് യജ്ഞത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

&&&&&&&&&&&&&&&&&&&&&

## JK-AMIT SHAH

ജമ്മു കശ്മീരിലെ അന്താരാഷ്ട്ര അതിർത്തിയുടെ 15 കിലോമീറ്റർ പരിധിയിലുള്ള അനധികൃത നിർമ്മാണങ്ങളും പ്രവർത്തനങ്ങളും തടയാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തെ സ്വാഗതം ചെയ്ത് പ്രദേശവാസികൾ. അർണിയ, ആർ.എസ്. പുര, സുചേത്ഗഢ് എന്നിവയുൾപ്പെടെയുള്ള അതിർത്തി പ്രദേശങ്ങളിലെ ആളുകൾ നടപടിക്ക് പിന്തുണ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&

## ANIL CHAUHAN- SUPERANNUATION (INTRO)

സംയുക്ത സേനാ മേധാവി, ജനറൽ അനിൽ ചൗഹാൻ സൈനിക സേവനത്തിൽ നിന്ന് ഔദ്യോഗികമായി ഇന്ന് വിരമിച്ചു. ന്യൂഡൽഹിയിലെ ദേശീയ യുദ്ധസ്മാരകത്തിൽ എത്തിയ അദ്ദേഹം, ഔപചാരികമായ ഗാർഡ് ഓഫ് ഓണർ സ്വീകരിച്ച ശേഷമാണ് വിരമിച്ചത്. യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ച ശേഷം, മൂന്ന് സേനകളുടേയും ഗാർഡ് ഓഫ് ഓണറോടെ വിരമിക്കുന്നത് ഏറെ അഭിമാനകരമാണെന്ന് ശ്രീ ചൗഹാൻ പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&&&&&

## RAIN - KERALA

കേരളത്തിൽ ചിലയിടങ്ങളിൽ ഇന്ന് ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥ വകുപ്പ്. പത്ത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതപ്രഖ്യാപിച്ചു.

മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കാലാവസ്ഥ വകുപ്പ് അറിയിച്ചു.

**&&&&&&&&&&&&&&&&&&&&&**

## WOMENS T-20 CRICKET

ഇന്ത്യ-ഇംഗ്ലണ്ട് വനിതാ ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് രാത്രി 7 മണിക്ക് ബ്രിസ്റ്റോളിൽ നടക്കും. ഇന്നത്തെ മത്സരം ജയിച്ചാൽ ഇന്ത്യയ്ക്ക് പരമ്പര സ്വന്തമാക്കാം.

**&&&&&&&&&&&&&&&&&&&&&**

## IPL

ഐ.പി.എൽ ക്രിക്കറ്റ് ഫൈനൽ പോരാട്ടം നാളെ. അഹമ്മദാബാദിൽ നടക്കുന്ന ഫൈനലിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ ഗുജറാത്ത് ടൈറ്റൻസ് നേരിടും. ഇന്നലെ നടന്ന രണ്ടാം ക്വാളിഫയർ മത്സരത്തിൽ രാജസ്ഥാൻ റോയൽസിനെ ഏഴ് വിക്കറ്റിന് തകർത്താണ് ഗുജറാത്ത് ടൈറ്റൻസ് ഫൈനലിൽ കടന്നത്.

**&&&&&&&&&&&&&&&&&&&&&**

## PADMANABHA SWAMI TEMPLE

തിരുവനന്തപുരം ശ്രീ പദ്മനാഭസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട് പ്രചരിക്കുന്ന വാർത്തകൾ വസ്തുത വിരുദ്ധമെന്ന് ക്ഷേത്രം അധികൃതർ. അധികാരികളെയോ, ഭരണസമിതിയെയോ സമീപിക്കാതെ വസ്തുതാവിരുദ്ധമായ റിപ്പോർട്ട് സമർപ്പിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടാൻ ഇന്നലെ ചേർന്ന ഭരണസമിതി യോഗം തീരുമാനിച്ചു. അതേസമയം പത്മനാഭ സ്വാമി ക്ഷേത്രത്തിലെ

വിഷയം സർക്കാർ കൂടുതൽ ഗൗരവത്തോടെ ചർച്ച ചെയ്യുമെന്ന് മന്ത്രി കെ. മുരളീധരൻ. ആഭ്യന്തര വകുപ്പുമായി ആലോചിച്ചു അന്വേഷണം നടത്തുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## GOLD RATE

സ്വർണ വില കുറഞ്ഞു. പവന് 440 രൂപ താഴ്ന്നു ഒരു ലക്ഷത്തി 15,160 രൂപയും , ഗ്രാമിന് 14,395 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&

## CBSE-POST RESULT PORTAL

ഫലപ്രഖ്യാപനത്തിന് ശേഷമുള്ള നടപടികൾക്കായി ബോർഡിന്റെ പോർട്ടൽ തിങ്കളാഴ്ച മുതൽ പ്രവർത്തനക്ഷമമാകുമെന്ന് സി ബി എസ് ഇ. ഉത്തരക്കടലാസുകളുടെ പരിശോധനയും പുനർമൂല്യനിർണ്ണയവും സുതാര്യവും തടസ്സരഹിതവുമായി നടത്തുമെന്നും സിബിഎസ്ഇ അറിയിച്ചു. വിദ്യാർത്ഥികൾക്ക് സിബിഎസ്ഇ ടെലി-കൗൺസിലിംഗ് സേവനങ്ങൾ 1800 11 8004 എന്ന ഹെൽപ്പ്ലൈൻ നമ്പറിലും resultcbse2026 @cbse shiksha.in എന്ന ഇമെയിൽ വിലാസത്തിലും ലഭിക്കും.

&&&&&&&&&&&&&&&&&&&&&&

## DEF SECY- SINGAPORE

സിംഗപ്പൂരിൽ നടക്കുന്ന ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്ട്രാറ്റജിക് സ്റ്റഡീസ് ഷാങ്രി-ലാ ഡയലോഗിനിടെ, നെതർലാൻഡ്സ് പ്രതിരോധമന്ത്രിയുമായി പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗ് ഉഭയകക്ഷി ചർച്ചകൾ നടത്തി. ഇന്ത്യയും നെതർലാൻഡ്സും തമ്മിൽ പ്രതിരോധ സഹകരണം വർദ്ധിപ്പിക്കുക, സൈനിക ബന്ധങ്ങൾ ശക്തിപ്പെടുത്തുക, പ്രതിരോധ വ്യാവസായിക സഹകരണത്തിനുള്ള സാദ്ധ്യതകൾ തേടുക തുടങ്ങിയവ ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&&&&&&

**US IMMIGRATION LEBANON**

അമേരിക്കയിലുള്ള ഏകദേശം 11,000 ലെബനീസ് പൗരന്മാരുടെ നാടുകടത്തൽ നടപടി നീട്ടിവെച്ച് ട്രംപ് ഭരണകൂടം. ലെബനനിൽ നിന്നുള്ളവർക്ക് ആറ് മാസത്തേക്ക് കൂടി അമേരിക്കയിൽ താമസിക്കാനും ജോലി ചെയ്യാനും അനുമതി നൽകി. തെക്കൻ ലെബനനിൽ ഇസ്രായേൽ സേനയും സായുധ സംഘമായ ഹിസ്ബുള്ളയും തമ്മിൽ ഏറ്റുമുട്ടലുകൾ തുടരുന്ന സാഹചര്യത്തിലാണ് നടപടി.

&&&&&&&&&&&&&&&&&&&&&&

**HEGSETH- IRAN**

ഇറാനുമായി കരാറിലെത്താനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടാൽ സൈനിക നടപടി പുനരാരംഭിക്കുമെന്ന് യുഎസ് പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്ത്. ഇറാനുമായുള്ള സംഘർഷത്തിന്റെ പശ്ചാത്തലത്തിലും ഏഷ്യ-പസഫിക് മേഖലയുമായുള്ള ബന്ധം ശക്തമായി നിലനിൽക്കുന്നുണ്ടെന്നും, സിംഗപ്പൂരിൽ നടക്കുന്ന ഷാങ്രി-ലാ ഡയലോഗിനെ അഭിസംബോധന ചെയ്യുകൊണ്ട് അദ്ദേഹം പറഞ്ഞു. ഏത് അടിയന്തര സാഹചര്യത്തെയും നേരിടാൻ യു.എസ് സജ്ജമാണെന്നും പ്രതിരോധ സെക്രട്ടറി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&